പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 7430

17/07/2012-ൽ മറുപടിക്ക്

മുനിസിപ്പൽ കോർപ്പറേഷൻ ജീവനക്കാരുടെ റിട്ടയർമെന്റ് ആനുകൂല്യങ്ങൾ.

| ചോദ്യം<br>ശ്രീമതി. കെ.കെ.ലതിക | | ഉത്തരം<br>ശ്രീ. മഞ്ഞളാംകുഴി അലി,<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | മുനിസിപ്പാലിറ്റി,കോർപ്പറേഷൻ എന്നിവിടങ്ങളിലെ ജീവനക്കാരുടെ റിട്ടയർമെന്റ് ആനുകൂല്യങ്ങൾ, പെൻഷൻ എന്നിവ നൽകുന്നതിൽ അതത് സ്ഥാപനങ്ങൾക്കുള്ള ബാധ്യത എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; | (എ) | നഗരസഭാജീവനക്കാരുടെ റിട്ടയർമെന്റ് ആനുകൂല്യങ്ങളിൽ പ്രതിമാസ പെൻഷൻ, ഡിസിആർജി, കമ്മ്യൂട്ടേഷൻ, ടെർമിനൽ സറണ്ടർ, ശമ്പള കുടിശ്ശിക എന്നിവയാണ് അതത് നഗരസഭകൾക്ക് ഉള്ള ബാധ്യത. |
| (ബി) | റിട്ടയർമെന്റ് ആനുകൂല്യങ്ങൾ ജീവനക്കാർക്ക് നൽകുന്നതിനുവേണ്ടി ഇപ്പോൾ പെൻഷൻ നൽകുന്നതിന് ഏർപ്പെടുത്തിയിരിക്കുന്നത് പോലെയുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (ബി) | നിലവിലുള്ള ക്രമീകരണങ്ങൾ തന്നെയാണ് റിട്ടയർമെന്റ് ആനുകൂല്യങ്ങൾ നൽകുന്നതിന് സ്വീകരിച്ചുവരുന്നത്. |
| (സി) | റിട്ടയർമെന്റ് ആനുകൂല്യങ്ങൾ വിരമിക്കുമ്പോൾ ജോലി ചെയ്തിരുന്ന സ്ഥാപനത്തിൽ നിന്ന് നൽകേണ്ടി വരുന്നത് പ്രസ്തുത സ്ഥാപനത്തിന് വൻ സാമ്പത്തിക ബാധ്യത വരുത്തുന്നതായുള്ളകാര്യം പരിശോധിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ? | (സി) | കേരളാ മുനിസിപ്പാലിറ്റി (എംപ്ലോയീസ് ഡെത്ത് -കം- റിട്ടയർമെന്റ് ബെനിഫിറ്റ്) റൂൾസ് 1996 ലെ വ്യവസ്ഥകൾ പ്രകാരം നഗരസഭാ ജീവനക്കാരുടെ പ്രതിമാസ പെൻഷൻ അംശാദായം നഗരസഭയുടെ തനതുഫണ്ടിൽ നിന്നും സെൻട്രൽ പെൻഷൻ ഫണ്ടിലേയ്ക്ക് വകകൊള്ളിയ്ക്കുന്നതിന് നഗരകാര്യ ഡയറക്ടറുടെ പേരിലുള്ള ട്രഷറി അക്കൗണ്ടിൽ അടയ്ക്കുകയാണ് ചെയ്തു വരുന്നത്. സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും നഗരകാര്യ ഡയറക്ടർ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള അലോട്ട്മെൻറ് തുക നഗരസഭകൾക്ക് അനുവദിച്ചു നൽകി വരുന്നതിനാൽ നഗരസഭകൾക്ക് സാമ്പത്തികനഷ്ടം ഉണ്ടാകുന്നില്ല. |

സെക്ഷൻ ഓഫീസർ